## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 42 01.12.2014 -ലെ മറുപടിയ്ക്ക്**

## കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നത്

ചോദ്യം

ശ്രീ. ഡോ.ടി.എം.തോമസ് ഐസക്

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളിലും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി പുരോഗതി വിലയിരുത്താറുണ്ടോ; | (എ) യും (ബി) യും | കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതുമാണെന്ന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞമാസം ഫയൽ അദാലത്ത് നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൾ വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. |
| (ബി) | കഴിഞ്ഞമാസം പുരോഗതി വിലയിരുത്തിയിട്ടില്ലാത്ത വകുപ്പുകൾ എത്ര; | | |
| (സി) | എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃതറിപ്പോർട്ടുകൾ തയ്യാറാക്കാൻ തീരുമാനം ഉണ്ടായിരുന്നുവോ; എങ്കിൽ എറ്റവും ഒടുവിൽ തയ്യാറാക്കപ്പെട്ട എല്ലാ വകുപ്പുകളിലെയും കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച സമാഹൃതറിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏറ്റവും ഒടുവിൽ സമാഹൃത റിപ്പോർട്ട് തയ്യാറാക്കിയത് എത് തീയതിയിലാണ്? | (സി) | എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാറുണ്ട്.<br>എറ്റവും ഒടുവിൽ തയ്യാറാക്കിയ സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ടനുസരിച്ച് മൊത്തം 1,16,409 പഴയ ഫയലുകളിൽ 15,172 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്കുള്ള 18,761 ഫയലുകളിൽ 2145 ഫയലുകൾ തീർപ്പാക്കി. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 14,968 ഫയലുകളിൽ 1628 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.<br>വിവിധ സർക്കാർ വകുപ്പുകളുടെ സെപ്റ്റംബർ മാസത്തെ റിപ്പോർട്ടനുസരിച്ച് 1,78,367 പഴയ ഫയലുകളിൽ 16,447 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും |

| | | | |
|---|---|---|---|
| | | | ഇടയ്ക്കുള്ള 30,392 ഫയലുകളിൽ 4,061 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 27,287 ഫയലുകളിൽ 3319 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.<br>സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ട് 22.11.2014 ലും വിവിധ സർക്കാർ വകുപ്പുകളുടെ സെപ്റ്റംബർ മാസത്തെ റിപ്പോർട്ട് 10.11.2014 ലുമാണ് എറ്റവും ഒടുവിൽ തയ്യാറാക്കിയത്. |

**സെക്ഷൻ ഓഫീസർ**